Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

ധനകാര്യ വകുപ്പ്-വിവിധ കാരണങ്ങളാൽ തടഞ്ഞുവെക്കപ്പെട്ട സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളിൽ അർഹരായവർക്ക് 2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ മാസങ്ങളിലെ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ ബി) വകുപ്പ്**

**സ.ഉ.(സാധ) നം.9493/2018/ധന. തിരുവനന്തപുരം, തീയതി, 16.11.2018**

പരാമർശം :- 1) സ ഉ (സാധാ) നം.6832/2018/ധന തീയതി 10/08/2018
2) സ ഉ (സാധാ) നം.7159/2018/ധന തീയതി 21/08/2018
3) സ ഉ (സാധാ) നം.7858/2018/ധന തീയതി 19/09/2018
4) 18/08/2018 തീയതിയിലെ 891040/എസ് എഫ് സി ബി1/18/ധന നമ്പർ കത്ത്.
5) 07/11/2018 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ പി എ എൻ/20710/2018-ഡിബിറ്റി1 (ഡി പി) നമ്പർ കത്ത്.

**ഉത്തരവ്**

2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ വരെയുള്ള പെൻഷനുകൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വിവിധ കാരണങ്ങളാൽ തടഞ്ഞുവെക്കപ്പെട്ട സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളിൽ അർഹരായവർക്ക് 2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് 9,25,26, 300 രൂപ( ഒൻപത് കോടി ഇരുപത്തഞ്ച് ലക്ഷത്തി ഇരുപത്താറായിരത്തി മുന്നൂറ് രൂപ മാത്രം )അനുവദിക്കണമെന്ന് പരാമർശം. 5 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.വിവിധ കാരണങ്ങളാൽ തടഞ്ഞുവെക്കപ്പെട്ട സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളിൽ അർഹരായവർക്ക് 2018 ഏപ്രിൽ,മേയ്,ജൂൺ,ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ 9,25,26,300 രൂപ(ഒൻപത് കോടി ഇരുപത്തഞ്ച് ലക്ഷത്തി ഇരുപത്താറായിരത്തി മുന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനിലും 2018 ഏപ്രിൽ,മേയ്,ജൂൺ,ജൂലൈ വരെയുള്ള നാലുമാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ 5,12,20,200/-രൂപ(അഞ്ച് കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപതിനായിരത്തി ഇരുനൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്നും (എസ് ബി അക്കൗണ്ട് നമ്പർ 67234515304,IFSCode SBIN0070028), സാമൂഹ്യ സുരക്ഷാ പെൻഷൻ നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 4,13,06,100/-(നാല് കോടി പതിമൂന്ന് ലക്ഷത്തി ആറായിരത്തി ഒരുനൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ(സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് നമ്പർ799012100000001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന തുക പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടും ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾവഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി ടി സെല്ലിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രിൻസിപ്പൽ **സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ , കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ(എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

2018 ഏപ്രിൽ മുതൽ 2018 ജൂലൈ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റീഡിസ്ബേഴ്സ്മെൻറിന് (4 ആം ഘട്ട വിതരണം ) വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ ( 31.10.2018 തീയതി പ്രകാരം)

| തദ്ദേശ സ്വയംഭരണ സ്ഥാപനം | പെൻഷൻ ഇനം | ബാങ്ക് | ഡയറക്ട് ടു ഹോം | ആകെ |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6820000 | 6248000 | 13068000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 890200 | 1055100 | 1945300 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1571600 | 1664400 | 3236000 |
| | കർഷക തൊഴിലാളി പെൻഷൻ | 158400 | 490800 | 649200 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 46400 | 57200 | 103600 |
| | **ആകെ** | **9486600** | **9515500** | **19002100** |
| കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7371200 | 2684000 | 10055200 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 1001400 | 346400 | 1347800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 2713200 | 595200 | 3308400 |
| | കർഷക തൊഴിലാളി പെൻഷൻ | 101200 | 103600 | 204800 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 314800 | 167600 | 482400 |
| | **ആകെ** | **11501800** | **3896800** | **15398600** |
| ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19344800 | 16758000 | 36102800 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 4938600 | 4937400 | 9876000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 4066800 | 3298400 | 7365200 |
| | കർഷക തൊഴിലാളി പെൻഷൻ | 1745200 | 2734400 | 4479600 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 136400 | 165600 | 302000 |
| | **ആകെ** | **30231800** | **27893800** | **58125600** |
| **ആകെ മൊത്തം** | | 51220200 | 41306100 | 92526300 |